**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : T 4562        20.10. 2011-ൽ മറുപടിക്ക്.**

## കോടതികളും ട്രൈബ്യൂണലുകളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പരമ്പരാഗത കോടതികൾക്കു പുറമെ സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം കോടതികളും ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | : (എ) പരമ്പരാഗത കോടതികൾക്കു പുറമെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കോടതികൾ/ട്രൈബ്യൂണലുകൾ താഴെ പറയുന്നവയാണ് :<br>യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ, വഖഫ് ട്രൈബ്യൂണൽ, കോർട്ട് ഓഫ് ഇൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, അബ്കാരി കേസുകൾക്കായുള്ള സ്പെഷ്യൽ കോടതികൾ, SPE/CBI കേസുകൾക്കായുള്ള പ്രത്യേക കോടതി, ഫോറസ്റ്റ് ട്രൈബ്യൂണൽ, വർക്ക്മെൻ കോമ്പൻസേഷൻ കോർട്ട്, ലേബർ കോടതി, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, കോ-ഓപ്പറേറ്റീവ് ട്രൈബ്യൂണൽ, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് ട്രൈബ്യൂണൽ, മാർക്ക്ലിസ്റ്റ് കേസ്, മാറാട് കേസ്, NDPS കേസ്, സൂര്യനെല്ലി കേസ് മുതലായവയുടെ വിചാരണയ്ക്കുള്ള പ്രത്യേക കോടതികൾ. |

(........2)

(സി) പഴക്കം ചെന്നതും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ കോടതികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) പൊതുജന സൗകര്യാർത്ഥം കാര്യക്ഷമമായ ജുഡീഷ്യറി സംവിധാനം ഏർപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കോർട്ട് കോംപ്ലക്സുകൾ പണിയുന്നതിനുള്ള പദ്ധതി നടപ്പാക്കുമോ ?

കോടതികളിലെ അടിസ്ഥാന/ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കോടതികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലും ജില്ലാ ആസ്ഥാനങ്ങളിലും അല്ലാതെയുള്ള സ്ഥലങ്ങളിലും കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്ന കാര്യത്തിലും ഹൈക്കോടതിയുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ